## ആമുഖം

മദ്റസ വിദ്യാഭ്യാസം പൂർത്തിയാക്കിയവരോ, വ്യത്യസ്ത കാരണങ്ങളാൽ അതിന് അവസരം ലഭിക്കാത്തവരോ ആയ ഹൈസ്കൂൾ, പ്ലസ്ടു, ഡിഗ്രി തലത്തിലുള്ള വിദ്യാർഥി വിദ്യാർഥികൾക്ക് ശാസ്ത്രീയവും കാലോചിതവും സമയബന്ധിതവുമായി നടപ്പാക്കുന്നതിനായി കഴിഞ്ഞ ഒന്നര ദശാബ്ദമായി എം എസ് എം സംസ്ഥാന സമിതിക്ക് കീഴിൽ അവധിക്കാലത്ത് ഇത്തരം ക്യാമ്പുകൾ നടന്നു വരുന്നു. പ്രാദേശികമായും, എം എസ് എം ജില്ലാ മണ്ഡലം ഘടകങ്ങളിലും മാത്രമല്ല വിവിധ സ്ഥാപനങ്ങളും സംഘടനകളുമെല്ലാം ഇന്ന് ഇത്തരത്തിലുള്ള ക്യാമ്പുകൾ നടത്തി വരുന്നത് സന്തോഷകരമായ കാര്യമാണ്. ഇത്തരം കൃമ്പുകൾക്ക് വേണ്ട മാർഗ നിർദേശമാണ് ഈ കൈപ്പുസ്തകം.





## 1. ഉദ്ദേശ്യ ലക്ഷ്യങ്ങൾ

വിദ്യാർഥികളുടെ ധാർമിക ബോധം വളർത്താനും അവധിക്കാലത്തെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താനുമാണ് ഇത്തരം ക്യാമ്പുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. കേവലം മനപാഠങ്ങൾക്കപ്പുറം ജീവിതത്തിലെ പ്രായോഗിക രംഗങ്ങളിൽ മത പാഠങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കണം. സാമൂഹിക അവബോധവും സഹജീവി സ്നേഹവും വളർത്താനും നല്ല സൗഹൃദങ്ങൾ ഉണ്ടാക്കാനും ക്യാമ്പുകൾക്ക് സാധിക്കണം. അവധിക്കാലത്തെ വിദ്യാർഥികളുടെ വിനോദങ്ങൾക്കും വിശ്രമങ്ങൾക്കും തടയിടുന്ന വിധത്തിൽ ക്യാമ്പുകൾ അനുഭവപ്പെടരുത്.

**ലക്ഷ്യങ്ങൾ**

- ഉന്നത വിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസവും കൂടുതൽ പ്രാധാന്യത്തോടെ കാണുന്ന സമൂഹത്തിൽ മതപരവും ധാർമികവുമായ മൂല്യങ്ങളെ കൂടുതൽ പരിപോഷിപ്പിച്ചെടുക്കുക.
- മനഃപാഠമാക്കാവുന്ന പ്രായത്തിൽ നിന്നും ചിന്തിക്കാൻ തുടങ്ങുന്ന പ്രായത്തിലുള്ള വിദ്യാർഥികളുടെ ചിന്തകളെ തൊട്ടുണർത്തി മനസ്സിനെ ബോധ്യപ്പെടുത്തുന്ന അനുഭവപാഠങ്ങൾ പകർന്നു നൽകുക.
- തിന്മകളാൽ മലീമസായിക്കൊണ്ടിരിക്കുന്ന സാമൂഹ്യ ചുറ്റുപാടുകളിൽ നന്മകളുടെ തുരുത്തുകൾ തീർത്തുകൊണ്ട് യൂണിറ്റ്, പഞ്ചായത്ത് മണ്ഡലം തലങ്ങളിൽ വിദ്യാർഥി സൗഹൃദ കൂട്ടായ്മകൾ രൂപപ്പെടുത്തുക.

**പ്രത്യേകതകൾ**

- ഇസ്‌ലാമിക വിഷയങ്ങളെ പ്രമാണബദ്ധമായി അവതരിപ്പിക്കുന്നു.
- ശാസ്ത്രീയവും കാലോചിതവും സമയബന്ധിതവുമായ പാഠ്യരീതി
- ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുള്ള ബോധന രീതി
- യഥാർഥ വിശ്വാസിയായിത്തീരാൻ ഉപയുക്തമാകുന്ന സർവതല സ്പർശിയായ സിലബസ്
- കാമ്പസുകൾ, ഹോസ്റ്റലുകൾ, പ്രാദേശിക സൗകര്യങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടപ്പിലാക്കാവുന്ന പദ്ധതി.

## 2. കാര്യനിർവഹണ പ്രക്രിയകൾ

ക്യാമ്പുകൾക്ക് വേണ്ട മികച്ച മുന്നൊരുക്കങ്ങൾ നടത്തിയാൽ മാത്രമേ ക്യാമ്പുകൾ ഫലപ്രദമാവുകയുള്ളൂ. പ്രാദേശികമായ ക്യാമ്പുകൾക്ക് അനുയോജ്യമായ മാറ്റങ്ങൾ സ്വീകരിക്കാവുന്നതാണ്.

**അഡ്മിഷൻ**

- ഹൈസ്കൂൾ, +2, ഡിഗ്രി വിദ്യാർഥി വിദ്യാർഥിനികൾക്ക്
- അപേക്ഷാ ഫോറത്തിന്റെ മാതൃക ജില്ലാ സമിതികൾ വഴി വിതരണം ചെയ്യുന്നതാണ്.
- ആവശ്യമായ കോപ്പികൾ ജില്ലാ, പഞ്ചായത്ത്, മണ്ഡലം സമിതികൾക്കോ അതത് യൂണിറ്റുകൾക്കോ സൂക്ഷിച്ച് വെക്കാവുന്നതാണ്.

**ഫീസ്**

- അഡ്മിഷൻ ഫീസ് മിനിമം 100 രൂപ. ആവശ്യമെങ്കിൽ പ്രാദേശികമായ സാഹ ചര്യമനുസരിച്ച് വർധനവ് വരുത്താവുന്നതാണ്.
- ഫീസിനു പുറമെ നടത്തിപ്പിന് വേണ്ടി സംഭാവനകൾ, സ്പോൺസർമാർ എന്നിവരെ കണ്ടെത്താവുന്നതാണ്.
- വരവ് ചെലവുകൾ കൃത്യമായി രേഖപ്പെടുത്താനും സൂക്ഷിക്കാനുമുള്ള സംവിധാനങ്ങളുണ്ടാവണം.

**സെന്ററുകൾ, സമയക്രമം, ക്ലാസ്**

- യൂണിറ്റ് തലങ്ങളിൽ പ്രത്യേകിച്ചോ പഞ്ചായത്ത് തലങ്ങൾ കേന്ദ്രീകരിച്ചോ സെന്ററുകൾ രൂപീകരിക്കണം. പള്ളി, മദ്റസകൾ, പൊതുസ്ഥാപനങ്ങളിലെ ഓഡിറ്റോറിയങ്ങൾ എന്നിവയും ഉപയോഗപ്പെടുത്താം.
- സെന്ററുകൾ വൃത്തിയും വെളിച്ചവും വായുസഞ്ചാരമുള്ളതും ശാന്തമായ പരിസരമുള്ളതാവാനും ശ്രദ്ധിക്കണം.
- അവധിക്കാലത്ത്, ഏപ്രിൽ ആദ്യവാരത്തിലാണ് ക്ലാസുകൾ സംഘടിപ്പിക്കാൻ ഏറ്റവും ഉചിതമായ സമയം. പ്രാദേശിക സൗകര്യങ്ങൾക്കനുസരിച്ച് സമയക്രമം മാറ്റാവുന്നതാണ്. രാവിലെ 9 മുതൽ 1 മണിവരെയുള്ള സമയം ക്ലാസ്സുകൾക്ക് ക്രമീകരിക്കാവുന്നതാണ്.
- ഒരു ക്ലാസ്സിൽ മിനിം 40 വിദ്യാർഥികളെ പരമാവധി ഉൾപ്പെടുത്താവുന്നതാണ്. അധികമുണ്ടെങ്കിൽ പുതിയ ഡിവിഷൻ അനുവദിച്ച് വിദ്യാർഥികളെ നേർപകുതിയാക്കിയിരുത്താവുന്നതാണ്.

**ഓഫീസുമായി ബന്ധപ്പെട്ടവ**

- അപേക്ഷാ ഫോറം
- അഡ്മിഷൻ രജിസ്റ്റർ ഉപയോഗിക്കാം. അഡ്മിഷൻ നമ്പർ, അഡ്രസ്, രക്ഷിതാക്കളുടെ ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.
- അറ്റൻഡൻസ് രജിസ്റ്റർ
- ആവശ്യമായ ഫയലുകൾ: അപേക്ഷ, ജില്ലാ സംസ്ഥാന സമിതിയുടെ കത്തുകൾ, സർക്കുലറുകൾ, അസൈൻമെന്റ്, മാർക്ക് ലിസ്റ്റുകൾ എന്നിവ സൂക്ഷിക്കാൻ ഫയലുകൾ ആവശ്യമാണ്.
- ആക്കൗണ്ട് ബുക്ക്





## 3. അനുബന്ധ പ്രവർത്തനങ്ങൾ

**അധ്യാപകർ**

- മോറൽ സ്കൂൾ ആകർഷകമാവുന്നതും അനുഭവമാകുന്നതും വിജയമാകുന്നതും മികവുറ്റ അധ്യാപകരെ ഉപയോഗപ്പെടുത്തുന്നതിലൂടെയാണ്.
- വിദ്യാർഥികളുമായി ഇടപെഴകി വിദ്യാർഥി കേന്ദ്രീകൃതമായ പഠനരീതി അവലംബിക്കാൻ കഴിയുന്ന ആളുകളെ കണ്ടെത്താൻ ശ്രമിക്കുക.
- അധ്യാപകരെ നേരത്തെ കണ്ടെത്തി വിഷയങ്ങൾ മുൻകൂട്ടി നൽകി നോട്ടുകൾ തയ്യാറാക്കി വരാൻ പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.
- പഠിതാക്കൾക്ക് നോട്ടുകൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുക
- വിഷയ സൂചകങ്ങൾ ഇതോടൊപ്പം നൽകുന്നുണ്ട്.

**ടെസ്റ്റുകൾ, അവാർഡുകൾ:**

- ഓരോ ദിവസത്തെ ക്ലാസുകൾക്ക് ശേഷം ടെസ്റ്റുകളോ ക്വിസുകളോ സംഘടിപ്പിക്കാവുന്നതാണ്.
- ആവശ്യമായ ചോദ്യങ്ങൾ ഫാക്കൽറ്റിയോട് മുൻകൂട്ടി തയ്യാറാക്കുവാൻ ആവശ്യപ്പെടുകയോ ക്ലാസ്സുകൾക്കിടയിൽ തയ്യാറാക്കാനോ ശ്രമിക്കുക.
- വിശ്വാസ കർമ സ്വഭാവ രൂപീകരണത്തിനും ബോധമുണ്ടാക്കുന്നതിനും ആവശ്യമായ ചോദ്യാവലികളുണ്ടാക്കാൻ പ്രത്യേകം ആളുകളെ ചുമതലപ്പെടുത്താവുന്നതാണ്.
- അവസാന ദിവസം മൊത്തം വിഷയങ്ങളെ ആസ്പദമാക്കി ലളിതമായ രീതിയിൽ പരീക്ഷ സംഘടിപ്പിക്കാവുന്നതാണ്.
- മോറൽ സ്കൂളിലെ Best Performance 3 പേരെ കണ്ടെത്തി പ്രത്യേകം ആദരിക്കാൻ ശ്രദ്ധിക്കുക.
- സംഘടനാ രംഗത്തേക്ക് വളർത്തിക്കൊണ്ടുവരാൻ പറ്റുന്നവരെ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ആക്ടിവിറ്റികൾ**

- ക്യാമ്പ് ആസ്വാദ്യകരമാക്കുന്ന വിധത്തിൽ ആക്ടിവിറ്റികൾക്ക് പ്രാധാന്യം നൽകണം
- ആക്ടിവറ്റികൾക്ക് പ്രത്യേകം സമയം ക്യാമ്പ് ഷെഡ്യൂളിൽ തന്നെ നൽകണം
- ആക്ടിവിറ്റികളുമായി ബന്ധപ്പെട്ട കൂടുതൽ നിർദേശങ്ങൾ ആക്ടിവിറ്റികൾ എന്ന അധ്യായത്തിൽ നൽകിയിട്ടുണ്ട്

**റിപ്പോർട്ടിംഗ്**

- കോഴ്സ് കഴിഞ്ഞാലുടനെ വിശദമായ റിപ്പോർട്ട് (രജിസ്ട്രേഷൻ സെന്റർ, ഫാക്കൽറ്റി, വരവ് ചെലവ്) അതത് പഞ്ചായത്ത് ജില്ലാ സമിതികൾക്ക് കൈമാറേണ്ടതാണ്.
- ജില്ലാ സമിതികൾ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംസ്ഥാന സമിതിയെ ഏൽപ്പിക്കേണ്ടതാണ്.

**പബ്ലിസിറ്റി**

- അതത് സമിതികൾ പബ്ലിസിറ്റി പരമാവധി ആകർഷകമാക്കാൻ ശ്രദ്ധിക്കുക
- പോസ്റ്ററുകൾ, ബാനറുകൾ, സ്ക്വോഡ് വർക്കുകൾ തുടങ്ങിയ മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

## 4. ക്യാമ്പ് രൂപം

പ്രാദേശിക ഘടകങ്ങൾ അവരുടെ സൗകര്യമനുസരിച്ച് വിവിധ രൂപത്തിൽ ക്ലാസുകൾ ക്രമീകരിക്കാറുണ്ട്. ചുരുങ്ങിയത് മൂന്ന് ദിവസമമെങ്കിലും ക്യാമ്പുകൾ നടക്കണം. ജില്ലാ തലങ്ങളിൽ റെസിഡൻഷ്യൽ രൂപത്തിലാണ് ക്യാമ്പുകൾ നടത്തേണ്ടത്. ക്യാമ്പിന്റെ ദിവസവും രൂപവും അനുസരിച്ച് വിഷയങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കണം. വിഷയങ്ങളും സൂചികകളും അധ്യാപകർക്ക് നൽകണം. വിവിധ തരത്തിലുള്ള ക്യാമ്പുകളുടെ സമയ ക്രമം ആണ് ഇവിടെ നൽകിയിട്ടുള്ളത്. പ്രാദേശിക സൗകര്യങ്ങളനുസരിച്ച് ഉപയോഗപ്പെടുത്തുക.

<u>റെസിഡൻഷ്യൽ ക്യാമ്പ്</u>

ജില്ലാ സമിതികൾക്ക് ഈ രൂപമാണ് ഉചിതം. നാം ഉദ്ദേശിച്ച വിധത്തിൽ വിഷയങ്ങൾ ഉൾപ്പെടുത്താനുംക്യാമ്പ് ഫലപ്രദമാക്കുന്നതിനും ചുരുങ്ങിയത് 7 ദിവസമെങ്കിലും റെസിഡൻഷ്യൽ രൂപത്തിലുള്ള ക്യാമ്പുകൾ ആവശ്യമാണ്. ക്യാമ്പ് അംഗങ്ങൾ തമ്മിലും നമ്മുടെ പ്രവർത്തകരുമായും കുട്ടികൾക്ക് മാനസികമായ അടുപ്പം ഉണ്ടാകുന്ന വിധത്തിലാണ് ക്യാമ്പിൽ നാം ഇടപെടേണ്ടത്. ഒരു ദിവസത്തെ വിവിധ സെഷനുകൾ ഇവിടെ നൽകിയിരിക്കുന്നു. ഓരോ ദിവസവും അതനുസരിച്ച് ക്രമീകരിക്കുക. ക്യാമ്പ് തുടങ്ങുന്നത് അസറിന് ശേഷമാവും നല്ലത്. സമാപ സെഷനിലേക്ക് രക്ഷിതാക്കളെ ഉൾപ്പെടുത്തുക.

സെഷൻ-1: റിപ്പോർട്ടിംഗ് 15-20 മിനുട്ട്
സെഷൻ-2: ഖുർആൻ ആസ്വാദനം 30 മിനുട്ട്
സെഷൻ-3: പഠന സെഷൻ- ഇസ്‌ലാമിക വിഷയം  50 പരമാവധി മിനുട്ട്
സെഷൻ-2: പഠന സെഷൻ പരമാവധി 50 മിനുട്ട്
സെഷൻ-3: പഠന സെഷൻ: ഇന്ററാക്ടീവ് ക്ലാസുകളാണ് ഉചിതം: 40 മിനുട്ട്
ഓരോ സെഷനും ഇടക്ക് 10 മിനുട്ട് ഇടവേള നൽകാവുന്നതാണ്. ക്ലാസുകൾക്ക് ആമുഖ ഭാഷണം, നന്ദി എന്നിവ വിദ്യാർഥികൾ ചെയ്യണം

<u>ഡേക്യാമ്പുകൾ</u>

റെസിഡൻഷ്യൽ രൂപത്തിൽ അല്ലാത്ത സ്ഥലങ്ങളിൽ ഈ രൂപത്തിൽ നടത്തുന്നതാണ് കൂടുതൽ ഉചിതം. മണ്ഡലങ്ങൾക്കും ശാഖകൾക്കും ക്യാമ്പുകൾ നിശ്ചയിക്കാൻ ഈ സമയക്രമം ഉപയോഗപ്പെടുത്താവുന്നതാണ്. ഒരു ദിവസത്തെ വിവിധ സെഷനുകളുടെ നിർദേശങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഓരോ ദിവസവും അതനുസരിച്ച്

ക്രമീകരിക്കാവുന്നതാണ്.

<u>ഹാഫ് ഡേ ക്യാമ്പുകൾ</u>

ശാഖാ തലങ്ങളിൽ മാത്രമേ ഇത്തരത്തിൽ ക്യാമ്പുകൾ നടത്താവൂ.അഞ്ച് ദിവസത്തെ സമയ ക്രമമാണ് കാണിച്ചിട്ടുള്ളത്. ദിവസത്തെ സൗകര്യമനുസരിച്ച് ചെറിയ മാറ്റങ്ങൾ

| | 09:00-09:30 | 09:30-10:15 | | 10:30-11:15 | 11:15-11:45 | 11:45-12:30 |
|---|---|---|---|---|---|---|
| Day-1 | Inaugural Session | | | IT-1 | GA-1 | IT-2 |
| Day-2 | Quran | IT-3 | RF | IT-4 | GA-2 | GS-1 |
| Day-3 | Quran | GS-2 | | IT-5 | GA-3 | CP |
| Day-4 | Quran | IT-6 | | IT-7 | GA-4 | FW |
| Day-5 | Quran | IT-8 | | IT-9 | Closing Ceremony | |





ആകാവുന്നതാണ്. എന്നാൽ സെഷനുകൾ 45 മിനുട്ടിൽ കൂടാതിരിക്കാനും, ഇടവേളകളും ആക്ടിവിറ്റികളും ഉൾപ്പെടുത്താനും ശ്രദ്ധിക്കണം

# 5. ഇസ്‌ലാമിക വിഷയങ്ങൾ

## 5.1. പ്രാപഞ്ചികാത്ഭുതങ്ങൾ

ലോകമഹാത്ഭുതങ്ങളെപ്പറ്റി കേട്ടിട്ടില്ലെ-ബുർജ് ഖലീഫ-മനുഷ്യനിർമിതമായ അത്ഭുതപ്പെടുത്തുന്ന കാര്യങ്ങൾ ഇതിന്റെ പിന്നിലെ എഞ്ചിനീയർമാർ-ബുദ്ധിരാക്ഷസന്മാർ-എങ്കിൽ നമ്മെ സൃഷ്ടിച്ച പോലെ, മനുഷ്യനിർമിത അത്ഭുതങ്ങളെക്കാൾ അത്ഭുതങ്ങൾ നിറഞ്ഞ ഈ മഹാപ്രപഞ്ചത്തെ പരിചയപ്പെടുത്തുക-അവന്റെ കഴിവുകൾ എത്ര മഹത്തരം.

നാം ജീവിക്കുന്നത് ഭൂമിയിലാണ്. ഭൂമി ആകാശത്തിലെ ഒരു ഗോളം. അതുപോലെ അനേകം ഗോളങ്ങളും ഉപഗോളങ്ങളും മറ്റുംകൂടി ഒരു ചെറിയ നക്ഷത്രമായ സൂര്യന് ചുറ്റും-ഇതിനെ സൗരയൂഥം എന്ന് വിളിക്കുന്നു. സൗരയൂഥം ആകാശത്ത് ഒറ്റപ്പെട്ടതല്ല. അനേകലക്ഷം സൗരയൂഥങ്ങൾ ചേർന്ന വലിയ വ്യൂഹത്തിന് ഗ്യാലക്സി എന്ന് പറയുന്നു. ക്ഷീരപഥമെന്ന നമ്മുടെ ഗ്യാലക്സിയെപ്പോലെ 1250 കോടി ഗ്യാലക്സികളുണ്ടെന്ന് ശാസ്ത്രം-വികസിച്ച് കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം അനന്തതയാണോ-ഏതെങ്കിലും പരിധിയിൽ ഒതുങ്ങുമോ-ഒരു പ്രപഞ്ചമാണോ കുറെ പ്രപഞ്ചങ്ങളുണ്ടോ

1. ആകാശ ഭൂമികൾ: 'പ്രൈമറി നെബുല' എന്ന് വിളിക്കപ്പെടുന്ന ദ്രവ്യത്തിന്റെ വാതകരൂപത്തിലുള്ള പിണ്ഡത്തിൽ നിന്നാണ് എല്ലാ ആകാശഗോളങ്ങളുടെയും ഉത്ഭവം (ആധുനിക ശാസ്ത്രം)-മഹാത്ഭുതമായ ആകാശത്തെ അതിഗംഭീര കെട്ടിടം കണക്കെ ഉയർത്തിയിരിക്കുന്നു. തൂണുകളോ താങ്ങുകളോ വിടവുകളോ പഴുതുകളോ ഇല്ലാതെ എങ്ങിനെയാണിവ ബാലൻസ് ചെയ്യുന്നത്?.

പ്രപഞ്ചം ആദിയിൽ ഒട്ടിപ്പിടിച്ചോ അടഞ്ഞോ കിടക്കുകയായിരുന്നു. പിന്നീട് ഒരു പൊട്ടിത്തെറിയിലുണ്ടായതായി ശാസ്ത്രം ശരിവെക്കുന്നു (ആശഴയമിഴ). എന്നാൽ ഈ പൊട്ടിത്തെറിയിലൂടെ ഓരോ വസ്തുക്കളും ആരാലും നിയന്ത്രിക്കപ്പെടാതെ നിശ്ചിത സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടു എന്ന് വിശ്വസിക്കാൻ നമുക്ക് പ്രയാസമില്ലേ? എങ്കിൽ എന്താവും ഇതിന്റെ പിന്നിലെ രഹസ്യം

2. നക്ഷത്രങ്ങൾ: എണ്ണിത്തുടങ്ങിയാൽ നമ്മൾ നക്ഷത്രമെണ്ണേണ്ടിവരും!

3. സൂര്യൻ, ചന്ദ്രൻ, ഗ്യാലക്സികൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, ഉൽക്കകൾ തുടങ്ങിയവ: കോടാനുകോടി ഗോളങ്ങളുടെ സൃഷ്ടിയും പരസ്പരം കൂട്ടിമുട്ടാതെയുള്ള ഭ്രമണവും നിയന്ത്രണവും നമ്മെ അത്ഭുതപ്പെടുത്തുന്നില്ലേ?-സഞ്ചാര പഥങ്ങൾ-ഗോളങ്ങളുടെ ഒഴുക്ക് (നീന്തൽ)-ഒരു താവളം ലക്ഷ്യം വെച്ചുള്ള സഞ്ചാരം- ഭൂമിയുടെ ഭ്രമണ ഫലമായുണ്ടാകുന്ന രാവും പകലും-ഇവയൊക്കെ ഈയടുത്താണ് ശാസ്ത്രത്തിന് ബോധ്യപ്പെട്ടത്.

ഖുർആനിലെ ശാസ്ത്രീയ പരാമർശങ്ങൾ

<u>ആകാശഭൂമികൾ</u>

1. സൃഷ്ടിപ്പ്(50:38)
2. ആശഴയമിഴ (21:30)
3. നിയന്ത്രിത രൂപത്തിലേക്ക് (41:11)
4. ഒരുപാട് ലോകങ്ങളുടെ നാഥൻ (1:2)
5. ഏഴ് ആകാശങ്ങൾ (2:29)
6. നക്ഷത്ര മണ്ഡലങ്ങൾ (67:3)
7. വിളക്കായ സൂര്യനും പ്രകാശിക്കുന്ന ചന്ദ്രനും (25:61, 71:15-16, 78:12-13)

<u>ആകാശം</u>

1. തൂണുകളില്ലാതെ (31:10)





2.
വിടവില്ലാതെ (50:6)
3. വീണു പോകാതെ (22:65)

<u>സഞ്ചാരപഥങ്ങൾ</u>

1. ഭ്രമണ പഥങ്ങൾ (36:40, 21:33)
2. സൂര്യ സഞ്ചാരം (36:38)

<u>പർവ്വതങ്ങൾ</u>

1. ഭൂമിയുടെ വികാസം(79:30)
2. ഉറപ്പിച്ച പർവ്വതം (79:32)
3. ഇളകാതിരിക്കാൻ (21:31)
4. ഭൂമി വിരിപ്പ്, പർവതം ആണി (78:6-7)

<u>രാവും പകലും</u>

1. ചുറ്റിപ്പൊതിയുക (3:190,39:5)
2. വെളിച്ചമാക്കി (10:67)
3. ആരാണ് വെളിച്ചവും ഇരുട്ടും നൽകുക (28:71-72)

ഏഴ് ആകാശങ്ങൾ, സൂര്യനടക്കമുള്ള കോടാനുകോടി നക്ഷത്രങ്ങൾ, ആകാശഗംഗയടക്കമുള്ള മുപ്പതിനായിരം കോടിയിൽപരം ഗ്യാലക്സികൾ. ഓരോ ഗ്യാലക്സിയിലും പതിനായിരം കോടി നക്ഷത്രങ്ങൾ-ഭൂമിയടക്കമുള്ള അനേകം ഗ്രഹങ്ങൾ-ഉപഗ്രഹങ്ങൾ-ചലനം-രാപകൽ-പർവ്വതങ്ങൾ-ഇവയെല്ലാം യാദൃശ്ചികമായി ഉണ്ടായതാണോ-സ്വയംഭൂവാണോ?

## 5.2. ജീവജാലങ്ങളിലെ അത്ഭുതങ്ങൾ

ആകാശഭൂമികളുടെ സൃഷ്ടിപ്പിന് ശേഷം ജീവൻ എവിടെ നിന്നുണ്ടായി

1. ജീവൻ: വെള്ളത്തിൽ നിന്ന് (21:30)
2. പക്ഷികൾ: ജീവിതശൈലി-ആഹാര സമ്പാദന രീതി-വട്ടമിട്ടുപറക്കൽ- ആകാശത്ത് താങ്ങി നിർത്തുന്നത് (16:79)-പക്ഷികളിലേക്ക് നോക്കൂ (67:19)
3. മൃഗങ്ങൾ: ബീജവും അണ്ഡവും സംയോജിച്ചാണ്-പ്രജനനം ശാസ്ത്രം ഈ അടുത്ത കാലത്താണ് കണ്ടെത്തിയത്- ബീജ സ്രവത്തിലൂടെ (53:45-46)
4. സസ്യങ്ങൾ:സൃഷ്ടിപ്പ് (79:30:31)-വ്യത്യസ്ത വർണങ്ങൾ((39:21)-കൊച്ചു വിത്തുകൾ-കടുപ്പമുള്ള വിത്തുകൾ-വലിയ വിത്തുകൾ-പൂക്കൾ-കായകൾ-വടവൃക്ഷങ്ങൾ-എന്നാൽ ഒരേ വെള്ളം, ഒരേ ഭൂമി, ഒരേ വായു, ഒരേ വെളിച്ചം
5. പ്രകൃതി പ്രതിഭാസങ്ങൾ: ജലാശയങ്ങൾ- മേഘം-മഴ-സമുദ്രം-നദികൾ-തടാകങ്ങൾ (24:43), (13:12), (23:18), (56:68-70), (67:30)-വരൾച്ചയെ നേരിടാൻ നമ്മുടെ കയ്യിലെന്തുണ്ട്?

ഇടി-മിന്നൽ-കാറ്റ് (13:12), (13:13) വായുവിന്റെ പ്രാധാന്യം (35:9)

ഇണകൾ-ഓരോ പദാർഥ കണികക്കും ഒരു പ്രതികണികയും അങ്ങനെ പ്രപഞ്ചത്തിനൊരു പ്രതിപ്രപഞ്ചവുമുണ്ടെന്ന് (ണീൃഹറ/അിശേീൃഹറ) ശാസ്ത്രം-ആൺ/പെൺ -നൻമ/തിന്മ.

പാൽ, തേനീച്ച, ഒട്ടകം, രണ്ടുതരം സമുദ്രം, കൃഷി, അഗ്നി, കപ്പൽ, എട്ടുകാലി തുടങ്ങിയവയുടെ മഹാത്ഭുതങ്ങൾ-സ്രഷ്ടാവായ അല്ലാഹു അപാരമായ കഴിവുള്ളവൻ തന്നെ-അവന്റെ ശക്തി അപാരമാണ്.

## 5.3. അസ്മാഉൽ ഹുസ്ന

അല്ലാഹുവിന്റെ പ്രധാനപ്പെട്ട നാമങ്ങളും അതിന്റെ അർഥവുമാണ് പഠിപ്പിക്കേണ്ടത്. ഈ നാമങ്ങൾ മുൻനിർത്തിയുള്ള പ്രാർഥനകൾക്ക് പ്രാധാന്യമുള്ളതിനാൽ പഠിതാക്കളെ മനപ്പാഠമാക്കാൻ പ്രേരിപ്പിക്കുക.

ഒരു ശക്തി ദൈവമാവണമെങ്കിൽ അവനുള്ള കഴിവുകൾ എന്താല്ലാമായിരിക്കണം (വിദ്യാർഥികളുമായി ചർച്ച ചെയ്യുക)

1. സ്രഷ്ടാവ് (2:21)(87:1-5)(2:22)(32:4)(25:61-62)(80:24,32) അവനല്ലാതെ മറ്റാരും ഒന്നും സൃഷ്ടിക്കുന്നില്ല (22:73) (16:20) (35:13)
2. സ്വയം ഉള്ളവനാകണം-സൃഷ്ടിയോ, സന്താനമോ ആവരുത് (112:1-4)
3. അനശ്വരൻ- നശിക്കാൻ പാടില്ല-എല്ലാറ്റിനും മുമ്പും എല്ലാറ്റിനും ശേഷവും നിലനിൽക്കണം (ആയത്തുൽ ക്വുർസിയ്യ്) (55:26, 27)
4. ഏകൻ (സൂറ. ഇഖ്ലാസ്)
5. പരാശ്രയമുക്തൻ, സർവനിയന്താവ്, എല്ലാറ്റിന്റെയും ഉടമസ്ഥൻ (ആയത്തുൽ ക്വുർസിയ്യ്)
6. സർവ്വജ്ഞൻ- (ഭൂതം, വർത്തമാനം, ഭാവി)
7. അത്യുന്നതൻ
8. പരിപാലകൻ-ക്ഷീണിക്കാൻ പാടില്ല (50:38) (23:12-14)
9. സതുത്യർഹനാകണം (1:2)
10. റഹ്മാൻ റഹീം (1:3)
11. ഗ്വഫൂർ (5:39)
12. മാർഗദർശകൻ (87:1-5) (2:2)
13. കഠിനമായി ശിക്ഷിക്കുന്നവൻ-അധർമകാരിളെ (32:14, 21)





14) മാലികിയൗമിദ്ദീൻ (1:4)
15) ആദിൽ- നീതിമാൻ

ഈ അത്ഭുതങ്ങളും അവന്റെ സൃഷ്ടി മാഹാത്മ്യവും അവന്റെ അപാരമായ കഴിവുകളും ബോധ്യപ്പെടുമ്പോൾ നമ്മൾ സാക്ഷ്യപ്പെടുത്തും (അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ്...... )

## 5.4. നമ്മുടെ ബാധ്യതകൾ

### 5.4.1. അല്ലാഹുവിനോടുള്ള ബാധ്യതകൾ

നമ്മുടെ ബാധ്യത അല്ലാഹുവിനോട്-ഇബാദത്ത്-സ്വയം ദൈവത്തിന് സമർപ്പിക്കലാണ്-നമ്മുടെ ബാധ്യതയെക്കുറിച്ച് അല്ലാഹു പറയുന്നു (51:56)

എന്താണ് ഇബാദത്ത്: ഇബാദത്ത് എന്നത് വിപുലാർഥത്തിലുള്ള ഒരു സാങ്കേതിക പദമാണ്. അഭൗതികമായ മാർഗത്തിൽ അഥവാ കാര്യകാരണ ബന്ധങ്ങൾക്കതീതമായി ഗുണവും ദോഷവും വരുത്താൻ ഒരു വ്യക്തിക്ക് കഴിവുണ്ട് എന്ന് വിശ്വാസമാണ് ഇബാദത്തിന്റെ ഉറവിടം -അങ്ങേയറ്റത്തെ താഴ്മ, വിനയം, സ്നേഹം, ഭയം, ഭക്തി, ഭരമേൽപിക്കൽ, വിധേയത്വം, അവയവങ്ങളുടെ ചലനം, പൂജാ സേവ, പ്രീതിപ്പെടുത്തൽ, നേർച്ച, വഴിപാട് തുടങ്ങിയവ ആരാധനയുടെ വകുപ്പിൽപ്പെടുന്നു. ഈ ആരാധന ഭാവം വികാരങ്ങളിലും വിചാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും ഉണ്ടാവാം. എല്ലാറ്റിന്റെയും ലക്ഷ്യം നന്മയും ലാഭവും രക്ഷതേടലും അതുപോലെ തിന്മയും നഷ്ടവും ശിക്ഷയും തടയലാണ്. ആരാധനകളർപ്പിക്കുന്ന ശക്തികളുടെ പ്രീതിയാർജ്ജിക്കുകയെന്നതാണ് ലക്ഷ്യം.

ഇബാദത്ത് അല്ലാഹുവിനോട് മാത്രം: വികാരവിചാരങ്ങളുടെയും വാക്കുകളുടെയും പ്രവൃത്തികളുടെയും പിന്നിലെ തേട്ടം അറിയാനും നിറവേറ്റാനും കഴിവുള്ള ഒരദൃശ്യ സ്രോതസ്സായുള്ളത് സകലമാന ചരാചര സൃഷ്ടി പരിപാലകനായ അല്ലാഹു മാത്രം.

ഇബാദത്തും പ്രാർത്ഥനയും: മനസ്സിന്റെ അടിത്തട്ടിൽ നിന്നും ഉയരുന്ന തേട്ടം, യാചനയാണ് പ്രാർത്ഥന-പ്രാർഥനയിൽ പ്രതീക്ഷയോടും സ്നേഹത്തോടും ഭയത്തോടും അഭൗതികമായ ഒരു സ്രോതസ്സിൽ നിന്നുള്ള സഹായമാണ് തേടുന്നത്-പ്രാർഥന അതുതന്നെയാണ് ആരാധന-പ്രാർഥനയില്ലാത്ത ആരാധന നിരർത്ഥകമാണ-പ്രാർഥന ആരാധനയുടെ മജ്ജയാണ്

പ്രാർഥന ആരോട്: എല്ലാറ്റിനും കഴിവുള്ള ഏകശക്തിയായ സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തോട്-സർവ്വശക്തനും സർവ്വജ്ഞനുമായ അല്ലാഹുവിനോട്-പ്രപഞ്ചവും അതിലെ സകല ചരാചരങ്ങളും അവന്റെ സൃഷ്ടികളാണ്-അവയുടെയൊക്കെ ശക്തിയും അറിവും കഴിവുകളും വളരെ പരിമിതമാണ്-അവക്കൊന്നും സർവ്വജ്ഞാനമോ അദൃശ്യജ്ഞാനമോ ഇല്ല. അവ തന്നെ നിലനിൽപിനാശ്രയിക്കുന്നത് അല്ലാഹുവിനെയാണ്-അതിനാൽ ആരാധനയും പ്രാർത്ഥനയും അല്ലാഹുവിന് മാത്രം-സൃഷ്ടികളോട് ആരാധന നടത്താനോ പ്രാർഥിക്കാനോ പാടില്ല.

ബഹുദൈവ സങ്കൽപം: ഏകദൈവത്തെ അംഗീകരിക്കുന്ന മനുഷ്യനും അല്ലാത്തവരും നമ്മെ അമ്പരപ്പിച്ചുകൊണ്ട്, ഈ പ്രപഞ്ചത്തിലെ വ്യക്തികൾ, ശക്തികൾ, വസ്തുക്കൾ, പ്രതിഭാസങ്ങൾ എന്നിവക്ക് ദൈവിക പദവി സങ്കൽപിക്കുന്നു-മഹാപ്രപഞ്ചത്തിന്റെയും അതിലെ സകല ചരാചരങ്ങളുടെയും സ്രഷ്ടാവും പരിപാലകനുമായ സാക്ഷാൽ ദൈവത്തിന്റെ മാത്രം കഴിവുകൾ, അവന്റെ സൃഷ്ടികൾക്കുമുണ്ടെന്ന വാദമാണ് ബഹുദൈവ സങ്കൽപം-ഇതിന്റെയടിസ്ഥാനത്തിൽ സൃഷ്ടികളെ ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതാണ് ബഹുദൈവാരാധന

ഹിന്ദുമത വിശ്വാസികളുടെ ആരാധന: പ്രപഞ്ചത്തിലെ വ്യക്തികൾ, ശക്തികൾ, പ്രതിഭാസങ്ങൾ എന്നിവക്ക് ദൈവിക പദവി നൽകുന്നു-ചിലതിനെ നന്മയുടെയും മറ്റു ചിലതിനെ തിന്മയുടെയും മൂർത്തികളും പ്രതീകങ്ങളുമായി കാണുന്നു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ആകാശ ഗോളങ്ങൾ തുടങ്ങിയവക്ക് ദിവ്യത്വം കൽപിക്കുന്നവരുണ്ട്-വായു, വെള്ളം, ഇടി, മിന്നൽ ഇവയിലൊക്കെ ദേവീ ദേവ സങ്കൽപം നിലനിർത്തുന്നവരുണ്ട്-സൃഷ്ടി, സ്ഥിതി, സംഹാരം, എന്നിവ 3 ശക്തികളാണ് നിയന്ത്രിക്കുന്നത്-സസ്യലതാദികൾ, പക്ഷിമൃഗാദികൾ, ഇഴജന്തുക്കൾ എന്നിവയിൽ ദൈവികത ദർശിക്കുന്നവരുമുണ്ട്-മനുഷ്യരിൽ തന്നെ ചിലർ മറ്റു ചിലരെ ദേവന്മാരും ദേവിമാരും ഭഗവാന്മാരും ഭഗവതികളുമൊക്കെയായി അവരോധിക്കുന്നു-ചിലർ ചിത്രങ്ങൾക്കും, പ്രതിമകൾക്കും ദിവ്യത്വം കാണുന്നു- തൂണിലും തുരുമ്പിലും തുടങ്ങി സർവ മൂർത്തികളിലും ഈശ്വരനെ ദർശിക്കുന്നവരുണ്ട്-എന്നാൽ ഹൈന്ദവർ അടിസ്ഥാനമെന്ന് വിശ്വസിക്കുന്ന ശ്രുതികളിലും സ്മൃതികളിലും ഏക ദൈവത്തെക്കുറിക്കുന്ന പരാമർശങ്ങൾ കാണാം.

ക്രിസ്ത്യാനികളുടെ ത്രിത്വ സങ്കൽപം: യേശു എന്ന പ്രവാചകനെ ദൈവമായി വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷം-പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാണെന്ന് വിശ്വസിക്കുന്നു.

യേശു (ഈസ) ഏകദൈവ വിശ്വാസമാണ് പഠിപ്പിച്ചതെന്ന് ബൈബിൾ കൊണ്ടും ഖുർആൻ കൊണ്ടും തെളിയിക്കാവുന്നതാണ്.(5:72)

മക്കാമുശ്രിക്കുകളുടെ ഇബാദത്ത്: അവർ അല്ലാഹുവിൽ വിശ്വസിച്ചിരുന്നു - വിഗ്രഹങ്ങളുണ്ടാക്കി- ഖബർ കെട്ടിയുണ്ടാക്കി-മലക്കുകളെയും ജിന്നുകളെയും വിളിച്ചു പ്രാർഥിച്ചു- പൂർവ്വിക പ്രവാചകരുടെ പാതയിൽ നിന്നും വ്യതിചലിച്ചു (29:61,63) (31:25) (39:38) (43:87) (39:3) (10:18)

## ഇസ്‌ലാം, തൗഹീദ്

ദൈവികമായ നിയമങ്ങളും നിർദ്ദേശങ്ങളും വിധിവിലക്കുകളുമാണ് ഇസ്‌ലാം. ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണത്തിലൂടെ ശാശ്വതമായ സമാധാനം കൈവരിക്കലാണത്. ദൈവിക നിയമങ്ങളെ പ്രയോഗവൽക്കരിക്കുന്നതിനായി മനുഷ്യരിൽ നിന്നുള്ള മഹത്തുക്കളെ മാതൃകാപുരുഷൻമാരായി, പ്രവാചകൻമാരായി ദൈവം തെരഞ്ഞെടുക്കുന്നു. എല്ലാ പ്രവാചകൻമാരും ഏകനായ ദൈവത്തെ കണ്ടെത്താനും ഏകദൈവരാധന പഠിപ്പിക്കാനുമാണ് നിയോഗിക്കപ്പെട്ടത്.

വിഴ്ച പറ്റിയ മുസ്‌ലിം വിഭാഗങ്ങൾ

അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥന (ഇസ്തിഗാസ, ഇസ്ത്തിആനത്ത്) നടത്തുന്നു-ഔലിയാക്കളെ വിളിച്ചു തേടുന്നു-കാര്യകാരണ ബന്ധങ്ങൾക്കതീതമായ വിഷയങ്ങളിൽ അല്ലാഹുവല്ലാത്തവരെ വിളിക്കുന്നു. ഇസ്തിഗാസ/ഇസ്തിആനത്ത്-സഹായം തേടുക, സഹായാർത്ഥന എന്ന് അർത്ഥം-ഭൗതികമായും അഭൗതികമായും സഹായം ചോദിക്കുന്നതിന് ഈ വാക്കുകൾ ഉപയോഗിക്കുന്നു. കാര്യകാരണ ബന്ധം-ഈ ലോകത്ത് ഏതൊരു കാര്യം നടക്കാനും ഒരു കാരണം നിശ്ചയിച്ചിട്ടുണ്ട്-ദാഹം മാറുക എന്ന കാര്യം നടക്കണമെങ്കിൽ വെള്ളം കുടിക്കണം-മക്കളുണ്ടാകണമെങ്കിൽ വിവാഹം കഴിക്കണം. സഹായ തേട്ടം ഭൗതികവും അഭൗതികവും വ്യക്തമാക്കുക. ഡോക്ടറോട്, ഉമ്മയോട്- ഒരു കാരണം. മരണപ്പെട്ടർ, വിഗ്രഹം-കാരണങ്ങൾക്കതീതം

ഖുർആൻ:പ്രാർഥന അല്ലാഹുവിനോട് മാത്രം-പ്രവാചകന്മാരുടെ മാതൃക- ആദം (അ): അഅ്റാഫ് 23- രോഗം മാറാൻ: അമ്പിയാഅ് 83,84-യൂനസ് നബി: അമ്പിയാഅ് 88-സന്താന ലബ്ധി: സ്വഫഫാത്ത് 100- യഅ്ഖൂബ് നബി: യൂസഫ് 86-ബദറിൽ നബിയുടെ പ്രാർഥന. ഔലിയാക്കൾ അല്ലാഹവിനോട് പ്രാർഥിച്ചു-അസഹാബുൽ കഹ്ഫ്





എന്തുകൊണ്ട് അല്ലാഹുവിനോടല്ലാതെ പ്രാർഥിക്കരുത്: നമ്മെപ്പോലുള്ളവർ(7:194)- ഒന്നും സൃഷ്ടിക്കുന്നവരല്ല(16:20)- സ്വന്തമാക്കാൻ കഴിയില്ല(35:13)-ഈച്ചയുടെ ഉപമ(22:73)- ജീവനില്ലാത്തവർ(16:21)- പ്രാർഥന കേൾക്കില്ല(35:14)- വഴി പിഴച്ചവനാണ്(46:5)- ശത്രുക്കളായി മാറും(46:6)- അർഹൻ അല്ലാഹു മാത്രം (13:16)

പ്രതിസന്ധികളിൽ അല്ലാഹുവിനോട് മാത്രം: കരയിലും കടലിലും മരുഭൂമിയിലും ജനപ്രദേശത്തും വിജനപ്രദേശത്തും അല്ലാഹുവിനോട് മാത്രം-ജിന്ന്, മലക്ക്, പിശാച് തുടങ്ങിയ അല്ലാഹുവിന്റെ സൃഷ്ടികളോടോ ജീവജാലങ്ങളോടോ ദുആ ചെയ്യുന്നത് ശിർക്കാണ് (7:14,27,34)

ജമാഅത്ത്, തബ്‌ലീഗ്, സൂഫികൾ, ഖാദിയാനികൾ തുടങ്ങിയ വിഭാഗങ്ങളുടെ ഇബാദത്തിലെ പിഴവുകൾ ബോധ്യപ്പെടുത്തുക

അല്ലാഹുവല്ലാത്തവരോടുള്ള ഇബാദത്ത് ശിർക്കാണ്: കടുത്ത അക്രമം(ലുഖ്മാൻ 13)- കർമങ്ങൾ നിഷ്ഫലം(സുമർ 65)- അല്ലാഹു പൊറുക്കില്ല(നിസാഅ്116)- മഹാപാപം (ഹദീസ്)- സമാധാനം നഷ്ടപ്പെടും(ഹജ്ജ് 31)- സ്വർഗം നിഷിദ്ധം (ഹജ്ജ 72)- ആരെയും സ്വാധീനിക്കാൻ കഴിയില്ല(നൂഹ് (അ) യുടെ മകൻ, ഇബ്രാഹിം (അ) പിതാവ്, അബൂത്വാലിബ് സംഭവം)-ശിർക്കിനെ സൂക്ഷിക്കുക- ശിർക്ക് വരുന്ന മാർഗങ്ങൾ

തൗഹീദും ശിർക്കും ബോധ്യപ്പെട്ടാൽ അല്ലാഹുവിനെ സാക്ഷ്യം വഹിച്ചാൽ ഈ സന്ദേശം പകർന്നു നൽകിയ പ്രവാചകനെ സാക്ഷ്യം വഹിക്കുക.

### 5.4.2. ബാധ്യത പ്രവാചകൻമാരോട്

പ്രവാചകൻമാർ-വേദഗ്രന്ഥങ്ങൾ-ദൗത്യം- ബാധ്യത പ്രവാചകരോട്- 25 പ്രവാകന്മാരുടെ ലഘുചരിത്രം ഗുണപാഠ ലഭിക്കുന്ന രൂപത്തിൽ, അനുഭവഭേദ്യമായി പരിചയപ്പെടുത്തുക.

പ്രവാചക ജീവിതം (ജീവിതത്തിലെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തുക) പ്രവാചകത്വത്തിന് മുമ്പുള്ള ജീവിതത്തിലെ ഗുണ വിശേഷങ്ങൾ-അൽ അമീൻ. ലോകർക്ക് കാരുണ്യം സർവ്വമേഖലയിലും മാതൃക-വിട്ടുവീഴ്ച-കാരുണ്യം-ക്ഷമ-വിനയം-സഹവർത്തിത്വം-ഉദാഹരണങ്ങൾ-മറ്റു ഗുണങ്ങൾ പരിചയപ്പെടുത്തുക-ജനനം മുതൽ മരണം വരെ ഒരു മനുഷ്യൻ ദൈനംദിന ജീവിത മര്യാദകളെ പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്- പ്രവാചകനെ അനുസരിക്കൽ-സ്നേഹം-നബിദിനം അനിസ്‌ലാമികം

**സുന്നത്തിന്റെ പ്രാധാന്യം**

പ്രവാചക കൽപനകളോടും ജീവിത രീതികളോടും ഇഷ്ടമുണ്ടാക്കുന്ന വിധത്തിൽ വിഷയങ്ങൾ തെരഞ്ഞെടുക്കുക.

വസ്ത്രധാരണം: വലതുഭാഗം കൊണ്ട് (തിർമിദി)-നല്ലത് വെള്ള ധരിക്കൽ-പട്ട്, സ്വർണ്ണം പുരുഷന് നിഷിദ്ധം- പുരുഷന് വസ്ത്രം നെരിയാണി വരെ-വേദനയേറിയ ശിക്ഷ- അഹങ്കാരത്തോടെ വലിച്ചിഴക്കരുത്. സ്ത്രീകൾ-ചാഞ്ഞും ചെരിഞ്ഞും വസ്ത്രം ധരിച്ച നഗ്നകൾ (മുസ്‌ലിം).സുബ്ഹിയുടെ സുന്നത്ത്-ലോകവും അതിലുള്ള മുഴുവൻ വസ്തുവിനേക്കാളും ഉത്തമം. വഴിയിലെ ഉപദ്രവങ്ങൾ നീക്കുക - ഈമാനിന് 70ൽ പരം ശാഖകൾ. റവാത്തിബ് സുന്നത്ത്- നമസ്കരിക്കുന്നവന് സ്വർഗത്തിലൊരു വീട് (ഹദീസ്). വെള്ളിയാഴ്ച- ഏറ്റവും നല്ലദിവസം, പ്രാധാന്യം. ഭക്ഷണമര്യാദ: ഭക്ഷണം കഴിക്കേണ്ടതും വെള്ളം കുടിക്കേണ്ടതും വലതു കൈകൊണ്ട്-കുറ്റം പറയരുത്-ബർക്കത്തെടുക്കുക. നബിയുടെ പതിവ് പ്രാർഥന- പതിവായി പ്രാർഥിക്കുന്ന വ്യത്യസ്ത പ്രാർഥനകൾ.

### 5.4.3. ബാധ്യത: മാതാപിതാക്കളോട്, സമൂഹത്തോട്

മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹ ബന്ധം ഊട്ടിയുറപ്പിക്കുക-പരിചരണം, സംരക്ഷണം, എന്നിവ ഉറപ്പുവരുത്തുക-പ്രതിഫലം കിട്ടിയില്ലെങ്കിൽ കൂടി ചെയ്യേണ്ട കടമയാണ് എന്ന് ബോധ്യപ്പടുത്തുക-ഇസ്‌ലാമിലെ അളവറ്റ കാരുണ്യവും പ്രതിഫലവും ബോധ്യപ്പെടുത്തുക-സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.
സംഭവങ്ങൾ: മിമ്പറിൽ കയറുമ്പോൾ ജിബ്‌രീൽ ആമീൻ പറഞ്ഞത്, ജുറൈജിന്റെ സംഭവം, വൻപാപങ്ങളിൽ മാതാപിതാക്കളെ ധിക്കരിക്കുന്നത് ഉൾപ്പെടുത്തിയത്.
ഉമ്മയുടെ സ്നേഹ തണലുകൾ: വൈക്കം മുഹമ്മദ് ബഷീറിന് ഭക്ഷണം ഒരുക്കിയ മാതാവ്-ഭൂകമ്പങ്ങളിൽ മണ്ണിനടിയിൽ മാറോടണച്ചു പിടിച്ച മക്കളുടെ ചിത്രങ്ങൾ- മക്കളെ പിടിച്ചു വലിച്ച് അവകാശം ഉന്നയിച്ചപ്പോൾ വിട്ടുകൊടുത്ത മാതാവ്. മക്കളുടെ ഭാവിക്കും രക്ഷക്കും വിജയത്തിനും  സുഖത്തിനും വേണ്ടി മാതാപിതാക്കൾ ചെയ്യുന്ന കാര്യങ്ങൾ സൂചിപ്പിക്കുക.
പടച്ചവന്റെ കൽപന: നന്മ ചെയ്യുക, ഛെ എന്നു പോലും പറയരുത് (ഇസ്‌റാഅ് 23, 24) ക്ഷീണത്തിനുമേൽ ക്ഷീണം (ലുഖ്മാൻ 14,15). പ്രവാചക വചനങ്ങൾ: ഏറ്റവും ബാധ്യത മാതാവിനോട് പിന്നെ പിതാവിനോട്-അല്ലാഹിവിന് പ്രിയപ്പെട്ട കർമങ്ങൾ 1. സമയത്തുള്ള നമസ്കാരം 2. മാതാപിതാക്കൾക്ക് നന്മ ചെയ്യൽ 3. ജിഹാദ്. മാതാപിതാക്കളുടെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകും (ഹദീസ്). നമുക്ക് ചെയ്യാനുള്ളത്-സ്നേഹിക്കുക, അനുസരിക്കുക, പരിചരിക്കുക, സംരക്ഷിക്കുക, പ്രാർത്ഥിക്കുക, വാഗ്ദാനങ്ങൾ നിറവേറ്റുക, അവരുടെ സുഹൃത്തുക്കളെ ആദരിക്കുക-പിതാവിന്റെ ജോലി, സാമ്പത്തിക സ്ഥിതി, ധൂർത്ത്, ആവശ്യങ്ങൾ, അനാവശ്യങ്ങൾ തുടങ്ങിയവ പഠിതാക്കളെ ബോധ്യപ്പെടുത്തുക.

**ദഅ്‌വത്ത്, സംഘടന**

നന്മ കൽപിക്കുക, തിന്മ വിരോധിക്കുക അതിനാണ് സംഘടന-നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുമ്പോൾ സ്വന്തത്തിനും സമൂഹത്തിനും ഗുണം ലഭിക്കുന്നു- ദഅ്‌വത്ത് നമ്മുടെ ബാധ്യത-ചോദ്യം ചെയ്യപ്പെടും-സംഘടന നന്മയാണ്-തിന്മ ചെയ്യുന്ന സംഘടനയെ നാം സഹായിക്കേണ്ടതില്ല.
ലോകർക്ക് വെളിച്ചമായ ഖുർആനിനെ, ലോകർക്ക് കാരുണ്യമായ പ്രവാചകനെ, നമ്മെ സൃഷ്ടിച്ച രക്ഷിതാവിനെ പരിചയപ്പെടുത്താൻ ഒത്തിരി സമയമുണ്ട്, ഇത്തിരി നേരം അതിനായി വിനിയോഗിക്കാം എന്ന ചിന്ത പഠിതാക്കളിലുണ്ടാക്കുക.
ഖുർആൻ: സൂറ ഫുസ്സിലത്ത് 33, സൂറ അൽ അസ്വർ ആശയം പഠിപ്പിക്കുക.
ഭൗതികമായ പ്രശ്നങ്ങളിൽ നമ്മൾ ഇടപെടുന്നു: അന്ധൻ കുഴിയിലേക്ക് പോവുമ്പോൾ/റോഡ് മുറിച്ചു കടക്കുമ്പോൾ- കുഞ്ഞ് അപകടത്തിലേക്ക് പോകുമ്പോൾ-ഹെൽമറ്റ് ധരിക്കാതെ പോവുമ്പോൾ-ആക്സിഡന്റുണ്ടായാൽ-മറ്റുള്ളവർക്ക് ബാധിക്കുന്ന കാര്യങ്ങൾ നമ്മെ വേദനിപ്പിക്കുന്നില്ലേ, എങ്കിൽ ശിർക്ക് ബിദ്അത്ത്, ഖുറാഫത്ത്, തിന്മകൾ ചെയ്ത് നശിക്കാത്ത മരിക്കാത്ത നരക ജീവിത്തിലേക്ക് ഇവരെ നാം തള്ളിവിടേണ്ടതുണ്ടോ?-നമ്മുടെ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതില്ലേ
പ്രവാചകവചനങ്ങൾ രണ്ടാലൊരു ഉമറിനെകൊണ്ട് ദീനിനെ ശക്തിപ്പെടുത്തണേ എന്ന പ്രാർഥന-ജൂതന്റെ മയ്യിത്ത് കൊണ്ടുപോകുമ്പോൾ ഈ സന്ദേശം എത്തിയിട്ടില്ലെങ്കിൽ അവസ്ഥയെക്കുറിച്ചുള്ള പ്രവാചകന്റെ വേവലാതി.-ഇബ്നു മസ്ഊദ ്(റ)ഖുർആൻ പാരായണം ചെയ്ത് കേൾപ്പിച്ചപ്പോൾ, സൂറ നിസാഅ് 41 ലെത്തിയപ്പോൾ പ്രവാചകനെ സാക്ഷിയാക്കുമെന്ന് പറഞ്ഞപ്പോഴുണ്ടായ സന്ദർഭം വിവരിച്ചുകൊടുക്കുക.
ഗുണങ്ങൾ: സംഘടിത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു-ഉദാഹരണങ്ങൾ നൽകണം-പള്ളി, മദ്രസ , വിവാഹം, യതീം മക്കളെ സഹായിക്കുക--സമയം, അധ്വാനം





ലാഭം-സാമ്പത്തികം കണ്ടെത്താൻ ഒറ്റക്കും കൂട്ടായും-സമയം ഉപയോഗപ്പെടുത്താം-നല്ല കൂട്ടുകാരും നല്ല കൂട്ടായ്മയും-പുതിയ വിഷയം, വിജ്ഞാനം നുകരാം, പകരാം-എല്ലാവരുടെയും പ്രാർത്ഥന ജീവിതത്തിലും മരണശേഷവും ലഭിക്കും-തസ്കിയത്തിനും തർബിയത്തിനും അവസരം.
മാർഗങ്ങൾ: പരസ്പര പരിചയം- ഇ മെയ്ൽ, ഫെയ്സ്ബുക്ക്, എസ് എം എസ്, ലഘുലേഖ, സിഡി, പുസ്തകം കൈമാറൽ-സമൂഹത്തിന്റെ നാനാതുറകളിലുള്ള വ്യത്യാസ്ത കഴിവും ശേഷിയുമുള്ളവരെ ഉപയോഗപ്പെടുത്താം.

### 5.5. അമലുസ്വാഹിലാത്ത് (സൽകർമ്മങ്ങൾ)

ഘനം തൂങ്ങാൻ സൽകർമ്മങ്ങൾ ധാരാളം ആവശ്യമുണ്ട്.

- സദാ വിശ്രമമില്ലാതെ അദ്ധ്വാനിച്ച പ്രവാചകൻ നമുക്ക് മാതൃക
- സാമൂഹ്യ സേവനത്തിന്റെ വ്യത്യസ്ത മേഖലകൾ പരിചയപ്പെടുത്തുക
- സാമൂഹ്യ സേവനത്തിന്റെ വ്യത്യസ്ത മേഖലകൽ പരിചയപ്പെടുത്തുക
- ജീവകാരുണ്യക്ഷേമ പ്രവർത്തനങ്ങൾ പ്രാധാന്യം
- പരസ്പര സഹായം, മറ്റുള്ളവരുടെ വേദനയറിയൽ,  പ്രവർത്തനങ്ങൾക്ക് സജ്ജമാക്കൽ അനുഭവങ്ങൾ പങ്കുവെക്കാം പാലിയേറ്റീവ് കെയർ
- ഹോസ്പിറ്റൽ ചികിത്സ
- ആരോഗ്യമുള്ളവർ പെട്ടെന്ന്
- സാമ്പത്തികമുള്ളവർ ഇന്ന കാരണം കൊണ്ട് സഹായിച്ചതും സാന്ത്വനപ്പെടുത്തിയതുമായവ
- കാൻസർ, ഡയാലിസ് രോഗികൾ
- നമ്മുടെ ഇന്നത്തെ അടിപൊളി ലൈഫ്

നാളെ നമ്മെയും ബാധിച്ചേക്കാം.

**ഇസ്‌ലാം**

വൃദ്ധയെ സഹായിച്ച റസൂൽ

- ഉമർ  (റേഷൻ, പ്രസവമെടുക്കാൻ ഭാര്യയെയും കൂടി )
- അബൂബക്കർ ബിലാൽ

യുദ്ധരംഗം (അബൂബക്കർ ഉമർ മുഴുവനും പകു
ഉസ്മാൻ റൂമാകിണർ

- നമുക്ക് സഹായിക്കാൻ പറ്റുന്ന മേഖലകളും പ്രവർത്തനങ്ഹളും ചർച്ച ചെയ്യുക
- മരണശേഷം ബാക്കിയാവുന്ന കാര്യങ്ങൾ

### 5.6. മരണം, മരണാനന്തര ജീവിതം

മരണാനന്തര കർമ്മങ്ങൾ (പ്രാക്ടിക്കൽ) പ്രത്യേക പരിശീലകനെ കണ്ടെത്തുക.

- മരണാനന്തര കർമങ്ങൾ
- മരണചിന്ത വളർത്തുക
- മരണത്തിനു മുമ്പ് ജീവതം സംശുദ്ധമാക്കുക

- മരണാനന്തര കർമ്മങ്ങൽ പഠിപ്പിക്കു, സംശുദ്ധമാക്കുക
- പരലോക ബോധം (എല്ലാ ഗ്രഹങ്ങളും തിരിയും)
- സിഡിയോ, പരിശീലനം നൽകാൻ കഴിയുന്ന അദ്ധ്യാപകരെയോ ചുമതലപ്പെടുത്തുക
- ഇന്നലെയുള്ളവർ ഇന്നില്ല
- മരണം സുനിശ്ചിതം
- രണ്ട് മരണം /വിശ്വാസിയുടെ, പാപിയുടെ

എങ്ങനെ മരിക്കണം

- നെറ്റിതടത്തിൽ വിയർപ്പ് കണങ്ങളായി
- മരണശേഷം നല്ലത് പറയിപ്പിക്കുന്ന
- സൽക്കർമ്മ നിരതനായിരിക്കുമ്പോൾ

### 5.7. നമസ്കാരം, ആത്മീയത, പ്രാധാന്യം

അല്ലാക്ക് മാത്രം , അതിന്റെ രൂപവും പ്രാധാന്യവും നമസ്ക്കാരം



the way of Goodness on Summer holidays
Summer campus

- നമസ്ക്കാരത്തിൽ ഉണ്ടാവുക
- സമയബന്ധിധവും ജമാഅത്തായും
- നാഥന്റെ മുമ്പിലാണെന്ന് ബോധ്യമുണ്ടാവുക.
- നമക്ക്കാരത്തോടെ മനസ്സ് ശാന്തമായ അവസ്ഥയുണ്ടാക്കുക
- നമസ്ക്കാരത്തിന്റെ പ്രാധാന്യം
- വിശ്വാസിയും അവിശ്വാസിയും വ്യത്യാസം
- ആദ്യ വിചാരണ
- (തടഞ്ഞു നിർത്തുന്ന കാര്യങ്ങൾ ,ദുശ്ശീലങ്ങൾ,പറയുക)
- വീഴ്ച വരുത്തുന്നവന്റെ അവസ്ഥ
- ഖേദിക്കേണ്ടിവരും 74: 42
- അല്ലാഹുവിന്റ മുമ്പിൽ നിന്ന്യനായി 68:43
- ഭക്തിയോടെ
- (23:2, 23:9, 70:23)
- സംഘടിതനമസ്ക്കാരം
- 27 ഇരട്ടി പുണ്യം
- ഉള്ളവർ ജമാഅത്തിലെത്തില്ല
- പള്ളിയിൽ പോകുന്നവർ
- മുന്നാഫികളുടെ ലക്ഷണം
- ഓ◌ാരോ കാലടിക്കും പ്രതിഫലം
- ജമാഅത്തിന് ഹാജരാകാത്തവരുടെ വിടുകൾ
- കത്തിച്ച്കളയണമെന്ന് , ഖബറിൽ പ്രത്യേക ശിക്ഷ

- നന്മകൾ: നമ്മുടെ അവശ്യങ്ങൾക്ക് എത്ര ദൂരം യാത്ര? അങ്ങാടിയിലെക്ക്, ഗ്രൗണ്ടിലേക്ക്, സ്ക്കുൾ,കോളേജിലേക്ക്, മത്സരങ്ങൾക്ക്, ടൂർപ്രാഗ്രാം. എത്ര ത യ്യാറെടുപ്പുകൾ എന്നാൽ വാഹനം,വീടിനടുത്ത് പള്ളി, ബാങ്കൊലി കാതിൽ മുഴങ്ങിയിട്ട്,ആരോഗ്യമുണ്ടായിട്ട്

### 5.7.1. സുന്നത്ത്, റവാത്തിബ്, തഹജ്ജുദ്, പ്രാർഥനകൾ

6. പ്രാധാന്യം,പഠിപ്പിക്കുക, സുന്നത്തുകൾ പരിശീലിക്കുന്നതിനാവശ്യമായ പ്രേരണ നൽകുക.

### 5.8.2. നമസ്ക്കാര പ്രാർത്ഥനകൾ

### 5.8.3. മയിത്ത് നമസ്ക്കാര പ്രാർത്ഥന അർത്ഥം സഹിതം

സ്വദക, സുന്നത്ത് നോമ്പ് ഹജ്ജിന്റെ
സകാത്ത്/ യുടെ മഹത്വം,ദാനം ചെയുന്നവർ ശ്രദ്ധിക്കേണ്ടത്.പഠനം പ്രേരണ
നോമ്പ്/ സുന്നത്ത് നോമ്പുകൾ
ഹജ്ജ് ആത്മീയത പ്രേരണ ഇബ്റാഹിം നബി

### 5.9. സ്വർഗ്ഗനരകം; നമ്മളെവിടെ

ഇതെല്ലാം പൂർത്തീകരിച്ചാൽ എന്ത് കിട്ടും ഇല്ലങ്കിൽ എന്ത് കിട്ടും
**നരകം**
ആഴമേറിയത്, കവാടങ്ങൾ, ചൂട്, ഭക്ഷണം, (15:43,44), (56-41-44), (17-97)
എന്തുണ്ട് മാർഗ്ഗം, (ചർച്ച)

- ശിർക്ക് രക്ഷനേടുക
- ഹുബ്ബുല്ലാഹ്, ദിക്റുല്ലാഹ്, നമസ്കാരങ്ങൾ, നോമ്പുകൾ,
- മരണാനന്തരത്തിലേക്ക്- അമലുസ്സാലിഹാത്ത്, സ്വദകകൾ, തൗബ, സൽസ്വഭാ വം, ആത്മാർഥമായ പ്രാർഥന

## 6. പൊതു വിഷയങ്ങൾ

### 6.1. മീഡിയ-ഇടപെടലുകൾ

### 6.2. മോഡേൻ ട്രന്റ്സ് - വ്യക്തിത്വം

### 6.3. ആനുകാലിക വിഷയങ്ങൾ

## 7. ആക്ടിവിറ്റികൾ

ക്യാമ്പ് കൂടുതൽ ഹൃദ്യമാക്കുന്നതിനും വിഷയങ്ങൾ അപഗ്രഥിച്ച് പഠിക്കുന്നതിനും കേവലം ക്ലാസുകൾക്ക് പുറമെ ആക്റ്റിവിറ്റികൾ അനിവാര്യമാണ്. കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുക, ടീം വർക്ക്, നേതൃപാടവം, സംഘാടനം എന്നിവ പരിപോഷിപ്പിക്കുക തുടങ്ങിയവയും ഇത്തരം ആക്റ്റിവിറ്റികൾ കൊണ്ട് ലക്ഷ്യം വെക്കുന്നുണ്ട്. അതിലേക്കുള്ള ചില നിർദേശങ്ങൾ മാത്രമാണ് ഇവിടെ





### 7.1. പ്രാക്റ്റിക്കൽ ക്ലാസുകൾ

ഇസ്ലാമിക വിഷയങ്ങളിൽ പലതും പ്രായോഗിക പരിശീലനം ആവശ്യമായവയാണ്. പ്രത്യേകിച്ചും കർമശാസ്ത്ര വിഷയങ്ങൾ. മദ്റസാ തലങ്ങളിൽ പഠിക്കാത്ത നിരവധി വിദ്യാർഥികൾ ക്യാമ്പിലുണ്ടാവും.പഠിച്ചവർ പോലും പലതും മറന്നും പോയരിക്കും. സാധാരണയായി ജീവിതത്തിൽ ഉണ്ടാവേണ്ട കാര്യങ്ങളായത് കൊണ്ട് പലതും ചോദിച്ച് പഠിക്കാൻ വിദ്യാർഥികൾക്ക് അപകർഷതയുണ്ടാവും. അതിനാൽ പ്രായോഗിക ക്ലാസുകൾക്ക് പരിഗണന നൽകണം.

- മയ്യിത്ത് പരിപാലനം: ഒന്നോ രണ്ടോ ക്ലാസുകൾ
- നമസ്കാരം: പ്രാർഥനകൾ ഉറക്കെ ചൊല്ലി ജമാഅത്തായി നമസ്കാരത്തിന്റെ രൂപം
- വുളൂഅ്, തയമ്മും, തുടങ്ങി പ്രായോഗികമായി ചെയ്യാവുന്ന വിഷയങ്ങൾ എല്ലാം ഇതിൽ ഉൾപ്പെടുത്താം.
- മോക്ക് ദഅ്വത്ത് ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

### 7.2. വീഡിയോ പ്രദർശനം

വിശുദ്ധ ഖുർആനിലെ ശാസ്ത്രീയ പരാമർശങ്ങൾ അടങ്ങിയ വീഡിയോകൾ

- മോട്ടിവേഷനൽ വീഡിയോ ക്ലിപ്പുകൾ
- സാമൂഹിക അവബോധം സൃഷ്ടിക്കുന്ന വീഡിയോകൾ

തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്താം

### 7.3. ഡിബേറ്റ്

രണ്ട് രൂപത്തിൽ ഡിബേറ്റുകൾ സംഘടിപ്പിക്കാം. സംവാദങ്ങളിലൂടെ വിഷയങ്ങൾ പഠിക്കാനുതകുന്ന വിധത്തിലുള്ളതാണ് ഒന്ന്. ഇവക്ക് മോഡറേറ്റർമാരായി ക്യാമ്പ് ഡയറക്ടർമാരോ അധ്യാപകരോ ഉണ്ടാവണം. ഡിബേറ്റ് ക്രോഡീകരിക്കുകയും വിഷയങ്ങൾ പഠിപ്പിക്കുകയും ചെയ്യണം. രണ്ടാമത്തെ ഡിബേറ്റ് വിദ്യാർഥികളെ സംസാരിക്കാനും സദസ്സിനെ അഭിമുഖീകരിക്കാനും പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തിനുള്ളതാണ്. ഇത്തരം ഡിബേറ്റുകൾക്ക് സ്പോർട്സ് വിഷയങ്ങൾ അടക്കം വിദ്യാർഥികൾക്ക് താൽപര്യമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കാം. മോഡറേറ്റർമാരായി ക്യാമ്പ് അംഗങ്ങളെ തന്നെ നിശ്ചയിക്കാവുനക്കനതാണ്. മത്സരമായും സംഘടിപ്പിക്കാം.

### 7.4. ചർച്ച

ചർച്ചകളിൽ പ്രധാനമായും ക്യാമ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തുന്നതാണ് നല്ലത്. ക്ലാസുകൾ വിലയിരുത്താനും അവയുടെ സംക്ഷിപ്തം തയ്യാറാക്കാനും ഇത്തരം ചർച്ചകൾ ഉപയോഗപ്പെടുത്തുക.

### 7.5. ടീം ആക്റ്റിവിറ്റികൾ

ടീമുകൾ തമ്മിൽ ആരോഗ്യകരമായ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ഇതിനായി താഴെ നൽകിയിരിക്കുന്നവ ക്യാമ്പിന്റെ ഭാഗമാവണം.

- സാഹിത്യ സമാജങ്ങൾ
- റിപ്പോർട്ടിംഗ്

- പത്രം, മാഗസിൻ
- സ്പോർട് മത്സരങ്ങൾ ഫുട്ബോൾ, ക്രിക്കറ്റ് ,ബാഡ്മിന്റൺ തുടങ്ങി വിവിധ ഇനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കണം.
- നാടൻ കളികൾ
- പ്രസംഗ മത്സരം, മറ്റു മത്സര ഇനങ്ങൾ ഉൾപ്പെടുത്താം
- ക്യാമ്പിന്റെ വിവിധ ചുമതലകൾ

## 7.6. ക്യാമ്പ് അന്തരീക്ഷം ഒരുക്കൽ

ക്ലാസ് റൂമുകൾ മുതൽ ഡൈനിംഗ് ഹാൾ വരെ ക്യാമ്പിന് വേണ്ട രൂപത്തിൽ ഒരുക്കണം. പ്രാർഥനകൾ, നിർദേശങ്ങൾ എന്നിവ ആകർഷകമായ രൂപത്തിൽ ചാർട്ടുകളും ബോർഡുകളുമായി തയ്യാറാക്കണം. ഇവക്ക് പുറമെ ക്യാമ്പിന്റെ ഓരോ ദിവസവും ടീമുകൾക്കും ക്യാമ്പ് അംഗങ്ങൾക്കും ചുമതല നൽകി ക്യാമ്പ് വെന്യൂ പുതുമയുള്ളതാക്കണം. ചില നിർദേശങ്ങൾ

**കമന്റ് വാൾ:** ക്ലാസ് റൂമുകളിൽ ഓരോ ടീമിനും പ്രത്യേകമായി ഏരിയകൾ നിശ്ചയിക്കുക. ഓരോ സെഷനുകളുടെയും അവസാനത്തിൽ കമന്റുകൾ തയ്യാറാക്കി പതിക്കാൻ ആവശ്യപ്പെടുക. ഇതിനായി വിവിധ നിറത്തിലുള്ള സ്റ്റിക്കി നോട്ട്സ് നൽകാം.

**Activity Box:** ക്ലാസുകളുടെ ഫീഡ്ബാക്ക്, ക്വിസ് മത്സരങ്ങളുടെ ഉത്തരങ്ങൾ എന്നിവ നിക്ഷേപിക്കുന്നതിന് വേണ്ട ബോക്സുകൾ സ്ഥാപിക്കുക.

**ഗിഫ്റ്റ് കോർണർ:** ക്ലാസ് മുറിയിൽ ചെറിയ ഗിഫ്റ്റുകൾ അടുക്കി വെക്കുകയും ഗിഫ്റ്റ് കോർണർ തയ്യാറാക്കുകയും ചെയ്യുക. ക്ലാസിലെ മത്സരങ്ങൾ മറ്റു പ്രോത്സാഹന സമ്മാനങ്ങൾ എന്നിവക്ക് ഗിഫ്റ്റ് കോർണർ ഉപയോഗപ്പെടുത്താം

**പദസൂര്യൻ:** പ്രവാചകന്മാരുടെ പേരുകൾ, പ്രാർഥനകൾ തുടങ്ങി വിവിധ വിഷയങ്ങൾക്ക് പദസൂര്യൻ, ക്യാമ്പ് ട്രീ മുതലായവ ഉപയോഗപ്പെടുത്താം

ഗൈംസ് - 1

ക്യാമ്പ് ആസ്വാദ്യകരമാക്കുന്നതിന് ടീമുകൾ മത്സര രൂപത്തിലുള്ളതോ അല്ലാത്തതോ ആയ ഗൈമുകൾ നടത്തേണ്ടതാണ്. അതിനാവാശ്യമായ വിവിധ ഗൈമുകളാണ് ട്രൈനിംഗിൽ നൽകിയത്. ഓരോ ദിവസവും പ്രത്യേകമായി ഇത്തരം ഗൈമുകൾക്ക് സമയം കണ്ടെത്തണം. ഒന്നിലധികം തവണ ആവർത്തിക്കാവുന്ന ചില ഗൈമുകൾ ഉണ്ടാവും. ഇതോടൊപ്പം ക്യാമ്പ് അംഗങ്ങൾക്ക് അറിയാവുന്ന വിവിധ ഗൈമുകൾ ഉൾപ്പെടുത്തുന്നത് ഉചിതമാവും.

ഗൈംസ് - 2

ക്യാമ്പ് ഊർജസ്വലമാക്കാൻ ഐസ് ബ്രേക്കിംഗ് സെഷനുകൾ ആവശ്യമായി വരും. ഇവക്ക് ക്യാമ്പിൽ പ്രത്യേകമായി സമയം നിശ്ചയിക്കേണ്ടതില്ല. ക്ലാസുകൾക്കിടയിൽ കുട്ടികൾക്ക് മടുപ്പ് അനുഭവപ്പെടാതിരിക്കാൻ സന്ദർഭോചിതമായി നൽകേണ്ട ആക്ടിവിറ്റികളാണക്ക ഇവ.





**മറ്റീരിയൽസ്**

- ഖുർആൻ ആസ്വാദനത്തിന് തെരഞ്ഞെടുക്കുന്ന സൂറത്തുകളുടെ അർഥ സഹിതമുള്ള കോപ്പികൾ തയ്യാറാക്കി വിദ്യാർഥികൾക്ക് നൽകണം.
- നിത്യ ജീവിതത്തിലെ പ്രാർഥനകൾ ചാർട്ട് രൂപത്തിലോ പുസ്തക രൂപത്തിലോ തയ്യാറാക്കി നൽകുക
- ഖുർആൻ-ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലെ വീഡിയോ ക്ലിപ്പുകൾ തയ്യാറാക്കുക
- ക്യാമ്പ് അംഗങ്ങൾ, അധ്യാപകർ തുടങ്ങിയവരുടെ നമ്പറുകൾ ഉൾപ്പെടുത്തി ക്യാമ്പ് ഡയറക്ടറി തയ്യാറാക്കി നൽകുക റെസിഡൻഷ്യൽ മോറൽ സ്കൂളിൽ നിർബന്ധം